**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 377** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** ഉണ്ടെങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൊണ്ടോട്ടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിൽ ബ്ലോക്ക് 16-ൽ റീ-സർവ്വേ നം.1/8-ൽപ്പെട്ട 75 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നും 07.06.2018-ൽ റിക്വിസിഷൻ ഫോം മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം സമീപത്തുള്ള ക്ഷേത്രം വകയാണെന്നും സമീപവാസികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് സമർപ്പിച്ചെങ്കിലും മറുപടി ലഭ്യമായില്ല. പ്രസ്തുത വിഷയം ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഫയർ സ്റ്റേഷന് അനുയോജ്യമായ സ്ഥലം വകുപ്പുകളുടെ കീഴിൽ ഉണ്ടെങ്കിൽ ലഭ്യമാക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ജില്ലാ കളക്ടർക്കും, കൊണ്ടോട്ടി മുനിസിപ്പാലിറ്റി അധികൃതർക്കും, സമീപ പഞ്ചായത്ത് അധികൃതർക്കും കത്ത് നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

കൊണ്ടോട്ടി നഗരസഭയുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്തായി അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് (City Fire Station) നടപടികൾ സ്വീകരിച്ചുവെങ്കിലും, അനുയോജ്യമായ സ്ഥലം പ്രസ്തുത എയർപോർട്ടിന്റെ പരിധിയിൽ ലഭ്യമല്ലായെന്ന് വിമാനത്താവള ഡയറക്ടർ അറിയിച്ചു. തുടർന്ന് എയർപോർട്ട് അതോറിറ്റി എയർപോർട്ട് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനാൽ ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾക്കായി അപേക്ഷ നൽകിയെങ്കിലും എയർപോർട്ടിന്റെ റൺവേ വികസനത്തിനാവശ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികളാണ് പുരോഗമിക്കുന്നതെന്നും, നിലവിൽ പ്രസ്തുത ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കുന്നതിന് നിർവ്വാഹമില്ലെന്നും എയർപോർട്ട് ഡയറക്ടർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, കരിപ്പൂർ അറിയിച്ചിട്ടുണ്ട്.

**(സി)** ഇല്ലെങ്കിൽ കാലിക്കറ്റ് എയർപോർട്ട്, ഹജ്ജ് ഹൗസ് തുടങ്ങിയ സ്ഥാപനങ്ങളും ജനനിബിഡ പ്രദേശങ്ങളുമുള്ള കൊണ്ടോട്ടിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന

കാര്യം പരിഗണിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**